സുനാമി ദുദുരിതാശ്വാസത്തിന് സമഗ്ര പദ്ധതി

73 [848] ശ്രീ. ഷിബു ബേബിജോൺ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

കേരളത്തിനകത്തും പുറത്തുമുള്ള മലയാളികളിൽ നിന്നും മറ്റ് സാമൂഹ്യ സന്നദ്ധ സംഘടനകൾ മുഖേനയും പരമാവധി തുക സമാഹരിച്ച് സുനാമി ഏറ്റവും കൂടുതൽ നാശനഷ്ടം ഉണ്ടാക്കിയ ആലപ്പാട്, ആറാട്ടുപുഴ, എടവനക്കാട് എന്നീ പഞ്ചായത്തുകളെ പുനർ നിർമ്മിക്കുവാനും മറ്റ് തീരപ്രദേശങ്ങളിൽ കടൽ ഭിത്തി നിർമ്മിക്കുവാനും ആവശ്യമായ സമഗ്രമായ ഒരു പദ്ധതി നടപ്പിലാക്കുമോ ; എങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്താമോ ?

ഉത്തരം

കേരളത്തിനകത്തും പുറത്തുമുള്ള മലയാളികളുടെയും മറ്റ് സാമൂഹ്യ സന്നദ്ധ സംഘടനകളുടെയും സംഭാവനകളും സേവനങ്ങളും പരമാവധി സ്വരൂപിച്ചു കൊണ്ട് ഏറ്റവും പ്രയോജനകരമായ രീതിയിൽ അവ ഉപയോഗപ്പെടുത്തിയും, സുനാമി ബാധിത പ്രദേശങ്ങളുടെ സമഗ്ര പുനരുദ്ധാരണവും വികസനവുമാണ് സർക്കാർ ലക്ഷ്യമിടുന്നത്. കൂടുതൽ നാശനഷ്ടങ്ങളുണ്ടായ പ്രദേശങ്ങൾക്ക് അർഹമായ മുൻഗണനയും പ്രാധാന്യവും പുനരുദ്ധാരണ-പുനരധിവാസ ഘട്ടത്തിൽ നൽകുന്നതാണ്. സംസ്ഥാനത്തിന്റെ തീരപ്രദേശങ്ങളാകെ കടൽഭിത്തി കെട്ടി സംരക്ഷിക്കണമെന്നാണ് സർക്കാർ ആഗ്രഹിക്കുന്നത്. ഇതിന് കേന്ദ്ര സർക്കാരിന്റെ സഹായവും ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

സുനാമി ദുരിതാശ്വാസ നിധിക്ക് പ്രത്യേക അക്കൗണ്ട്

74 [849] ഡോ. തോമസ് ഐസക്ക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 26-12-2004-ൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ എന്തു തുക അക്കൗണ്ടിൽ ഉണ്ടായിരുന്നുവെന്ന് വെളിപ്പെടുത്തുമോ ;

(ബി) സുനാമി ദുരന്ത ബാധിതരെ സഹായിക്കുന്നതിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് എന്തു തുക 31-1-2005 വരെ ലഭിച്ചുവെന്ന് വെളിപ്പെടുത്തുമോ ;

(സി) ഈ തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി അക്കൗണ്ടിൽ സൂക്ഷിക്കുന്നതിനുപകരം ഒരു പ്രത്യേക അക്കൗണ്ട് തുടങ്ങി ടി അക്കൗണ്ടിലേയ്ക്ക് മാറ്റുവാൻ നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ കാരണങ്ങൾ വിശദമാക്കുമോ ;

(ഡി) ഏത് തീയതിവരെ സുനാമി ദുരിതാശ്വാസ ഫണ്ട് സ്വരൂപിക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly